# മന്ത്രിസഭാ തീരുമാനങ്ങൾ

## (28.04.2010)

- പുതിയ ചീഫ് സെക്രട്ടറിയായി ഡോ. പി. പ്രഭാകരനെ നിയമിക്കാൻ മന്ത്രിസഭ തീരുമാനിച്ചു.

- 125 കോടി രൂപ മുതൽമുടക്കിൽ എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് കെ.എസ്.ടി.സി. ട്രാഡ്കോ, സിഡ്കോ, കെൽട്രോൺ, എസ്.ഐ.എഫ്.എൽ., യു.ഇ.എൽ. എന്നീ ഏജൻസികളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. മലബാർ സ്പിന്നിങ്ങ് ആന്റ് വീവിങ്ങ് മിൽസ്, ട്രിവാൻഡ്രം സ്പിന്നിങ്ങ് മിൽ, കേരളാ സോപ്സ് എന്നിവയുടെ വിപുലീകരണത്തിന് കെ.എസ്.ടി.സി, കെ.എസ്.ഐ.ഇ എന്നീ ഏജൻസികളെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ നടത്തിപ്പിനായി 100 കോടി രൂപ കെ.എം.എം.എല്ലിൽനിന്നും മലബാർ സിമന്റ്സിൽ നിന്നും കണ്ടെത്താൻ തീരുമാനിച്ചു.

- എറണാകുളം ജില്ലയിലെ അത്താണിയിൽ ഒരു കാർഷിക ട്രാക്ടർ അസംബ്ലി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരളാ അഗ്രോ മിഷനറി കോർപ്പറേഷൻ സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം നൽകാൻ തീരുമാനിച്ചു.

- ഗ്രാമവികസന കമ്മീഷണറേറ്റിലെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ തസ്തികകൾ സെക്രട്ടേറിയറ്റിലേക്ക് മാറ്റി സ്ഥാപിക്കുവാനും പകരം ഇത്രയും തസ്തികകൾ ഗ്രാമവികസന കമ്മീഷണറേറ്റിൽ സൃഷ്ടിക്കുവാനും തീരുമാനിച്ചു.

- അബ്കാരി കുടിശ്ശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ സമയപരിധി 30.06.2010 വരെ നീട്ടാൻ തീരുമാനിച്ചു.

- 2009 നവംബർ 15ന് കാസർകോഡ് ടൗണിൽ ഉണ്ടായ പൊലീസ് വെടിവെയ്പ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് കാസർകോഡ് ജില്ലാ ജഡ്ജി എം.കെ. പ്രേമലതയെ അന്വേഷണ കമ്മീഷനായി നിയമിക്കുവാൻ തീരുമാനിച്ചു.

- കാസർകോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽ അഞ്ച് ഏക്കർ 60 സെന്റ് ഭൂമി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് സ്ഥാപിക്കുന്നതിനുവേണ്ടി ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ പേരിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചു.

✲✲✲✲✲